പാറ്റൂർ ഭൂമി ഇടപാട്

120(5709) ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. ബി. സത്യൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറ്റൂർ ഭൂമി കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; അന്വേഷണം ആരാണ് നടത്തുന്നത് ;

(ബി) ജല അതോറിറ്റി വക സർക്കാർ ഭൂമി സ്വകാര്യ കമ്പനിക്ക് കൈവശപ്പെടുത്താനും, സാമ്പത്തിക ലാഭമുണ്ടാക്കാനും ഉന്നതർ അവിഹിത ഇടപാടുകളും അധികാര ദുർവിനിയോഗവും നടത്തിയതായും അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ ;

(സി) ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തിക്കൊണ്ട്, അധികാരം ദുർവിനിയോഗിച്ച്, ഖജനാവിന് നഷ്ടം വരുത്തിയ കുറ്റങ്ങൾ ഏതെല്ലാം ഉന്നതരാണ് നടത്തിയിട്ടുള്ളത് ;

(ഡി) ജല അതോറിറ്റിയുടെ കീഴിലെ സ്വീവേജ് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ ചീഫ് സെക്രട്ടറി ഇടപെടുകയുണ്ടായിട്ടുണ്ടോ ;

(ഇ) വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി അനധികൃത ഇടപെടലുകൾ സംബന്ധിച്ചും അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) പാറ്റൂർ ഭൂമി കേസിൽ ബഹു. ലോകായുക്തയുടെയും ഉപലോകായുക്തയുടെയും അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

(ബി-ഡി) അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

(ഇ) വിജിലൻസിനെ ലോകായുക്ത അന്വേഷണം ഏൽപ്പിച്ചിട്ടില്ല. ADGP ശ്രീ. ജേക്കബ് തോമസ് IPS-നെ കേരള ലോകായുക്ത ആക്ട് സെക്ഷൻ 16(3) പ്രകാരം അന്വേഷണ ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly